**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5321** **15-03-2023 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ തരിശ് നിലങ്ങൾ കൃഷി യോഗ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ തരിശ് നിലങ്ങൾ കൃഷി യോഗ്യമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിൽ കുട്ടനാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ തരിശ് നിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി നെൽകൃഷി വികസന പദ്ധതിയുടെ ഘടകമായ തരിശുനില കൃഷിയിൽ ഉൾപ്പെടുത്തി ഒരു ഹെക്ടറിന് 35000രൂപ കർഷകനും 5000 രൂപ ഭൂവുടമക്കും ചേർത്ത് ആകെ 40,000/- രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകി വരുന്നു. ഇതിനു പുറമെ, ജനകീയാസൂത്രണ ത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തിയും തരിശ് നെൽകൃഷിക്ക് ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്. തരിശ് നിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയിലെ അംഗങ്ങളെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ട്. തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന്റെ ഭാഗമായി പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും നെൽകൃഷി വികസന പദ്ധതിയിൽ ഫണ്ട് ലഭ്യമാണ്. കൂടാതെ, ഒരു ഹെക്ടറിന് 1000 രൂപ എന്ന നിരക്കിൽ നെൽകൃഷിക്ക് ഉത്പാദന ബോണസും കർഷകർക്ക് നൽകുന്നുണ്ട്. |
| (ബി) | കുട്ടനാട്ടിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | കുട്ടനാട്ടിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്, സമഗ്രമായ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി , *കുട്ടനാട് വികസന ഏകോപന കൗൺസിൽ* 01-11-2022ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പാടശേഖരങ്ങൾ, കർഷക സംഘടനകൾ എന്നിവരുടെ പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് കുട്ടനാട്ടിലെ കർഷകർ നിലവിൽ നേരിട്ടുകൊണ്ടിരിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും കൃത്യമായ |

| | | | | |
|---|---|---|---|---|
| | | | | മോണിറ്ററിങ്ങ് സംവിധാനം ഏർപ്പെടുത്തുന്നതിനും അതുവഴി കുട്ടനാടിന്റെ സമഗ്രവികസനവുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കാലാവസ്ഥാവ്യതിയാനവും അതോടനുബന്ധിച്ച് അടിക്കടി ഉണ്ടാവുന്ന പ്രകൃതിക്ഷോഭവും കുട്ടനാട്ടിലെ കർഷകരെ ഏറെ പ്രയാസപ്പെടുത്തുന്നുണ്ട്. കൂടാതെ, അനുയോജ്യമായ വിത്തിനങ്ങളുടെ ലഭ്യതക്കുറവ്, കൊയ്ത്ത് മെതിയന്ത്രങ്ങളു ടെയും ക്ഷാമം എന്നിവയെല്ലാം ഇവിടത്തെ കർഷകർ നേരിടുന്ന പ്രശ്നങ്ങളാണ്. ഇതിനു പരിഹാരമായി കൃഷി വകുപ്പ് കുട്ടനാട്ടിലെ നെൽകൃഷിക്ക് പ്രത്യേകമായി തയ്യാറാക്കിയ കാർഷിക കലണ്ടർ അനുസരിച്ച് കാർഷികപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുമ്പോൾ ഉല്പാദനോപാധികൾ, കാർഷിക യന്ത്രങ്ങൾ എന്നിവയുടെ ലഭ്യതയും ഉറപ്പുവരുത്തുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ